**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 202** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>മലപ്പുറം ജില്ലയിലെ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തിക</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് പുതിയ സൂപ്പർ സ്പെഷ്യാലിറ്റി/സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തിക സൃഷ്ടിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതിയതായി എത്ര തസ്തികകൾ ആണ് സൃഷ്ടിച്ചത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

**<u>മറുപടി:</u>** ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 05.11.2025 ലെ സ.ഉ(കൈ) നം. 382/2025/ആ.കു.വ പ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി ഉൾപ്പെടെ 202 ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 23.12.2025 ലെ സ.ഉ(കൈ) നം. 436/2025/ആ.കു.വ പ്രകാരം അവ വിവിധ സ്ഥാപനങ്ങളിലേയ്ക്ക് അനുവദിക്കുകയുണ്ടായി. പകർപ്പുകൾ അനുബന്ധം -1 ആയി ചേർക്കുന്നു.

**(ബി)** ഇതിൽ ഒരോ ജില്ലയിലും ഏതെല്ലാം തസ്തികകൾ ഏതെല്ലാം ആശുപത്രികളിൽ സൃഷ്ടിച്ചുവെന്ന് ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; ഈ തസ്തികകൾ സൃഷ്ടിച്ചത് ഏത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** ഉത്തരം(എ) പിരിവിൽ ചേർത്തിരിക്കുന്നു

**(സി)** സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിൽ നാമമാത്ര തസ്തിക സൃഷ്ടിക്കാൻ ഇടയാക്കിയ സാഹചര്യം എന്താണെന്നു വിശദമാക്കുമോ;

**<u>മറുപടി:</u>** ആരോഗ്യവകുപ്പിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ ഗ്യാപ് അനാലിസിസ് നടത്തി ഘട്ടം ഘട്ടമായിട്ടാണ് തസ്തികകൾ സൃഷ്ടിക്കുന്നത്. 2016-2026 വരെ ആരോഗ്യ മേഖലയിൽ 526 തസ്തികകൾ മലപ്പുറം ജില്ലയിൽ മാത്രമായി സൃഷ്ടിച്ചിട്ടുണ്ട്.

**(ഡി)** മലപ്പുറം ജില്ലയിലെ ജില്ലാ/താലൂക്ക് ആശുപത്രികളിൽ തസ്തിക സൃഷ്ടിക്കുന്നതിന് ആരോഗ്യ വകുപ്പ് അധികൃതരിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ എത്ര തസ്തികകളാണ് ആവശ്യപ്പെട്ടതെന്നും അവ പരിഗണിക്കാത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ഉത്തരം (സി) പിരിവിൽ ചേർത്തിട്ടുണ്ട്

**സെക്ഷൻ ഓഫീസർ**